**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2725</u>** **<u>12-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഡ്രീംസ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ വ്യവസായ സംരഭകത്വ വികസനത്തിനായി ഡ്രീംസ് എന്ന പേരിൽ ഒരു സ്റ്റാർട്ട് അപ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ വ്യവസായ സംരഭകത്വ വികസനത്തിനായി ഡ്രീംസ് എന്ന പേരിൽ ഒരു സ്റ്റാർട്ട്അപ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും, സംരംഭകത്വ സാഹചര്യം ഒരുക്കുന്നതിനുള്ള പ്രാവീണ്യവുമുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയുമായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയ്ക്കായി സാമ്പത്തിക പാക്കേജ് അനുവദിച്ചിട്ടുണ്ടോ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി സാമ്പത്തിക പാക്കേജ് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. |
| (സി) | പദ്ധതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (സി) | പദ്ധതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>**<u>സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതി</u>**<br>പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ട്അപ്പ് |

മിഷൻ മുഖേന നടപ്പാക്കുന്നു. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇൻകുബേറ്ററിൽ ലഭ്യമാകും.

2. പ്രത്യേകമായി തയ്യാറാക്കിയ ഇൻകുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ.

3. പട്ടികജാതി വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് പലിശരഹിത സീഡ് ഫണ്ട്.

4. ഉൽപ്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനങ്ങൾ ഉൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.

റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശ രഹിത സീഡ് ഫണ്ട് പട്ടികജാതി വിഭാഗത്തിൽ ഉള്ളവർക്ക് പദ്ധതിയുടെ ഭാഗമായി ലഭ്യമാണ് . നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട്അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ് . നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻകുബേറ്ററിൽ നാലാമത്ത ബാച്ച് ആയി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 10 സ്റ്റാർട്ടപ്പുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം വരെ കാലയളവും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസംവരെയുമാണ് കാലയളവ് നൽകി വരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ് . നാളിതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണയും 55

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ